
# BRIDGE TO EXCELLENCE




# ACADEMIC MASTER PLAN 2025

## KPMUPS, MUHAMMA

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 3 |
| 2. | ലക്ഷ്യങ്ങൾ | 5 |
| 3. | വിദ്യാലയത്തിന്റെ ചരിത്രം | 6 |
| 4. | വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട് | 11 |
| 5. | പദ്ധതി രൂപീകരണ പ്രക്രിയ - വിവിധഘട്ടങ്ങൾ | 12 |
| 6. | നിലവിലെ അവസ്ഥാ വിശകലനം | 13 |
| 7. | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ | 15 |
| 8. | പദ്ധതി വിശദാംശങ്ങൾ (മേഖല, ഉപമേഖല,ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം) | 16 |
| 9. | പ്രതീക്ഷിത നേട്ടങ്ങൾ | 41 |
| 10. | മോണിട്ടറിംഗ് | 42 |
| 11. | ഉപസംഹാരം | 43 |
| 12. | മികവുകൾ നേട്ടങ്ങൾ (നടപ്പു വർഷം, മുൻവർഷം) | 44 |
| 13. | ദിനാചരണങ്ങൾ | 45 |
| 14. | എസ്.എസ്.എ. തയ്യാറാക്കിയ പദ്ധതികൾ | 58 |
| 15. | വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന കമ്മറ്റികൾ | 59 |

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കെ.പി.മെമ്മോറിയൽ യു.പി.സ്കൂൾ |
| വിലാസം | : | മുഹമ്മ. പി.ഒ.,<br>ആലപ്പുഴ<br>പിൻകോഡ് - 688 525 |
| സ്കൂൾ കോഡ് | : | 34253 |
| വിദ്യാഭ്യാസ ഉപജില്ല | : | ചേർത്തല |
| വിദ്യാഭ്യാസ ജില്ല | : | ചേർത്തല |
| ബി.ആർ.സി. | : | ചേർത്തല |
| സി.ആർ.സി | : | ഗവ.എൽ.പി.സ്കൂൾ |
| ബ്ലോക്ക് പഞ്ചായത്ത് | : | ആര്യാട് |
| ഗ്രാമപഞ്ചായത്ത് | : | മുഹമ്മ |
| ജില്ലാപഞ്ചായത്ത് | : | ആലപ്പുഴ |
| വില്ലേജ് | : | തണ്ണീർമുക്കം തെക്ക് |

## ആമുഖം

വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ ചില വർഷങ്ങൾക്കുള്ളിൽ നവീനമായ ഒട്ടേറെ ആവശ്യങ്ങൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ 2009-ൽ വിദ്യാഭ്യാസ അവകാശ നിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറിക്കഴിഞ്ഞു. അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിന് നമ്മുടെ വിദ്യാലയങ്ങളെയും പാഠ്യപദ്ധതി യെയും അന്തർദേശീയ നിലവാരത്തിലെത്തിക്കേണ്ടതുണ്ട്. ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട മികച്ച പഠന-ബോധന മാതൃകകൾ കേരളത്തിലെ കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്.

കുട്ടിയുടെ സർവതോൻമുഖമായ വളർച്ച, അവന്റെ അറിവും കഴിവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കാൽ, ശാരീരികവും മാനസികവു മായ കഴിവുകളുടെ സമ്പൂർണ്ണ വികസനം, മാതൃഭാഷാശേഷിവികസനം, സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള കഴിവ് ഇവയെല്ലാം പാഠ്യപദ്ധതി പരിഷ്ക്കരണത്തിലൂടെ നാം സാധ്യമാക്കേണ്ടതാണ്.

## *ഗ്രാമത്തിലേക്ക്........*

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ കരപ്പുറം എന്ന തീരസമതല പ്രദേശത്ത് ശുദ്ധജലതടാകമായ വേമ്പനാട്ടുകായലിനോട് തൊട്ടു രുമ്മി കിടക്കുന്ന മുഹമ്മ എന്ന ഗ്രാമത്തിന് കൊച്ചങ്ങാടി എന്നും പേരുണ്ടായിരു ന്നു. കയർ, സുഗന്ധവ്യഞ്ജന വ്യവസായ കേന്ദ്രമായ ആലപ്പുഴയ്ക്കും കൊപ്രാ വ്യവസായ കേന്ദ്രമായ ചേർത്തലയ്ക്കും ഇടയിലുള്ള മികച്ച ഒരു കച്ചവട കേന്ദ്രം മുഹമ്മ മാത്രമായിരുന്നു. കായൽ-കര മാർഗ്ഗങ്ങളിലൂടെ മുഹമ്മയിൽ എളു പ്പത്തിൽ എത്താൻ കഴിഞ്ഞിരുന്നതുകൊണ്ട് ആലപ്പുഴയ്ക്കും ചേർത്തലയ്ക്കും ഇടയ്ക്കുള്ള ഒരു 'ഇടവ്യാപാര' കേന്ദ്രമായി മുഹമ്മ വികസിച്ചു. മുഹമ്മയ്ക്കു കൊച്ചങ്ങാടി എന്ന് പേരു വരാൻ കാരണവും ഇതാണ്. എന്നാൽ, മുഹമ്മ

ജംഗ്ഷന് കിഴക്കുമാറി 'മുഹമ്മയിൽ വീട് ' എന്ന പേരോടു കൂടി ഒരു വീട്ടുകാർ ഇപ്പോഴുമുണ്ട്. ആ വീട്ടുപേർ പിന്നീട് മുഹമ്മ ഗ്രാമത്തിന്റെ മുഴുവൻ പേരായി പരിണമിക്കുകയാണുണ്ടായത്. തോട് കായലിൽ ഒഴുകിചേരുന്ന ഭാഗത്തിന് മുഖാരത്ത് - മുഖപ്പ് എന്നെല്ലാം പറയാറുണ്ടല്ലോ. മുപ്പിരിത്തോട് ഒഴുകി കായലിൽച്ചേരുന്ന ഭാഗത്തെയും ഇങ്ങനെ വിളിച്ചിരുന്നു. മുഖാരത്ത് താമസിച്ചിരുന്നവരുടെ വീട്ടുപേര് "മുഖാരത്ത്, മുഖപ്പ്, മുഖമ്മേൽ, മുഖമ്മ, മുഹമ്മ" എന്നിങ്ങനെ രൂപാന്തരപ്പെട്ടതാകാമെന്ന് കരുതപ്പെടുന്നു.

മന്ദ്രസംഗീതം പൊഴിക്കുന്ന വേമ്പനാട്ടുകായലിന്റെ ശാലീന സൗന്ദര്യത്തിൽ മുഴുക്കാപ്പ് ചാർത്തി നില്ക്കുന്ന മുഹമ്മയ്ക്ക് ഐതിഹ്യങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും നിരവധി വർണ്ണചിത്രങ്ങൾ കാഴ്ചവെയ്ക്കാനുണ്ട്. സാമൂഹ്യ സാംസ്ക്കാരിക, രാഷ്ട്രീയ വിദ്യാഭ്യാസ മണ്ഡലങ്ങളിൽ മുഹമ്മ എന്നും മുന്നിൽതന്നെ. മുഹമ്മയുടെ ഇന്നുകാണുന്ന വികസനപ്രക്രിയയിൽ നെടുനായകത്വം വഹിച്ച സി.കെ. കുഞ്ഞുകൃഷ്ണനെയും, ബന്ധുത്വവും സഹവാസവുംകൊണ്ടു മുഹമ്മയ്ക്ക് അലങ്കാരമായിമാറിയ എ.കെ.ജി.യേയും, പ്രസംഗചാതുര്യംകൊണ്ടും, സംഘടനാശക്തികൊണ്ടും ശ്രോതാക്കളിൽ ഹരമായി മാറിയ പി.എസ്. ബാഹുലേയനെയും, പുന്നപ്ര വയലാർ സമരചരിത്രത്തിലെ ജീവിക്കുന്ന ഇതിഹാസമായ കെ.ദാസിനെയും അഭിമാനത്തോടെ ഓർമ്മിക്കാൻ കഴിയും. സി.കെ. കുഞ്ഞുകൃഷ്ണനെപ്പോലെയല്ലെങ്കിലും, വിദ്യാഭ്യാസ മേഖലയിൽ പ്രേരകശക്തിയായി വളർത്തിച്ച കാട്ടിപ്പറമ്പിൽ ശ്രീ. കെ.പി. നീലകണ്ഠപിള്ളയേയും അനുസ്മരിക്കാതിരിക്കാൻ നിർവ്വാഹമില്ല. ശ്രീനാരായണ ഗുരുവും, കുമാരനാശാനും, മന്നത്തു പത്മനാഭനും സഹോദരൻ അയ്യപ്പനും, റ്റി.കെ. മാധവനും, പട്ടം. എ. താണു പിള്ളയും, ആർ. ശങ്കറുമെല്ലാം മുഹമ്മയുടെ സാംസ്ക്കാരിക പൈതൃകത്തിൽ പൊൻതൂവൽ ചാർത്താൻ എത്തിയിട്ടുണ്ടെന്ന് പഴമക്കാർ സാക്ഷ്യപ്പെടുത്തുന്നു. സാഹിത്യ സാംസ്ക്കാരിക രാഷ്ട്രീയ രംഗത്തെ പുതുതലമുറയെ തല്ക്കാലം പരാമർശിക്കാത്തത് അവർ പ്രഗത്ഭമതികളല്ലാത്തത് കൊണ്ടല്ല. കാലം ഇനിയും അവരെ വിലയിരുത്താൻ അവസരം ബാക്കിവെച്ചിട്ടുളതുകൊണ്ടുമാത്രമാണ്.

ഐതിഹ്യങ്ങളുറങ്ങുന്ന മുക്കാൽവെട്ടം അയ്യപ്പക്ഷേത്രവും പഴമകൊണ്ടും ശക്തികൊണ്ടും പ്രസിദ്ധമായ, ഇഷ്ടവരദായിനിയായ കാവുങ്കൽ ദേവീക്ഷേത്രവും മുഹമ്മയിലും പ്രാന്തപ്രദേശങ്ങളിലുമായി സ്ഥിതിചെയ്യുന്നു.

## വിദ്യാലയത്തിന്റെ ചരിത്രം

ആലപ്പുഴ തണ്ണീർമുക്കം റോഡിന് കിഴക്കു വശത്തായി മുഹമ്മ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ, കാവുങ്കൽ ദേവീ ക്ഷേത്രസന്നിധാനത്തിനടുത്ത് സ്ഥിതിചെയ്യുന്ന കെ.പി.എം.യു.പി. സ്കൂൾ വിദ്യാഭ്യാസരംഗത്തെ എക്കാലത്തെയും മികച്ച സ്ഥാപനമാണ്. മുഹമ്മയിലോ ചുറ്റു മുള്ള പ്രദേശങ്ങളിലോ ഒരു ഇംഗ്ലീഷ് സ്കൂൾ ഇല്ലാത്തതുകൊണ്ടു തദ്ദേശവാസിക ളായ കുട്ടികൾക്ക് ഇംഗ്ലീഷ് പഠിക്കാൻ സൗകര്യപ്പെടാത്തതിനാൽ സങ്കടപ്പെട്ട് അതി ന്റെ പരിഹാരത്തിനുവേണ്ടി ആദ്യമായി ശ്രദ്ധപതിപ്പിച്ചതും ശ്രമിച്ചതും കാട്ടിപ്പറ മ്പിൽ ശ്രീ.കെ.പി. നീലകണ്ഠപിള്ളയായിരുന്നു. എക്സൈസ് കമ്മീഷണർ ആയി രിക്കെ 1931-ൽ ആ മഹാൻ അന്തരിച്ചു. മനുഷ്യന്റെ ആകമാനമുള്ള സാംസ്കാരിക വികാസത്തിന് ഇംഗ്ലീഷ് വിദ്യാഭ്യാസം ഉപകരിക്കും എന്ന് അദ്ദേഹം കരുതിയിരു ന്നു. ഒരു പക്ഷേ അക്കാലത്തെ പ്രമുഖ തറവാടുകളിൽ, പ്രത്യേകിച്ച് നായർ തറവാ ടുകളിൽ, ഒയ്യാരത്ത് ചന്തുമേനോന്റെ 'ഇന്ദുലേഖ' ചെലുത്തിയ സ്വാധീനം കുറച്ചൊന്നുമായിരുന്നില്ല. ഇംഗ്ലീഷ് വിദ്യാഭ്യാസമാണ് കാലോചിതം എന്നും സമൂഹം അതു മുഖേനയാണ് സ്വാതന്ത്ര്യം പ്രാപിക്കേണ്ടതെന്നും ചന്തുമേ നോൻ തന്റെ കഥാപാത്രങ്ങളിലൂടെ തെളിയിക്കുന്നുണ്ട്. ഈ നവീന ചിന്താധാരകാ ട്ടിപ്പറമ്പിൽ കെ.പി. നീലകണ്ഠപിള്ളയേയും സ്വാധീനിച്ചിരിക്കണം. ഏതായാലും മുഹമ്മയിൽ നല്ലൊരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിക്കുന്നതിന് അദ്ദേഹം പ്രേരകശ ക്തിയായി വർത്തിച്ചുവെന്ന് ചരിത്രത്തിലെ യാഥാർത്ഥ്യമാണ്.

1926-ൽ ശ്രീ. കെ.പി. നീലകണ്ഠപിള്ളയുടെ അനുജ നായ കാട്ടി പ്പറമ്പിൽ കുമാരപിള്ള കൊച്ചുകൃഷ്ണപിള്ള ജ്യേഷ്ഠന്റെ ആഗ്രഹ പൂർത്തീകരണത്തിന് ശ്രമം ആരംഭിച്ചു. സ്കൂൾ ആരംഭിക്കുന്നതിനുവേണ്ടി മണ ക്കാട്ടംപള്ളിയിൽ ഗോദവർമ്മപ്പണിക്കർ നാരായണപ്പണിക്കർ എന്ന ഉദാര മനസ്കൻ കുമാരപിള്ള കൊച്ചു കൃഷ്ണപിള്ളയുടെ പേരിൽ തന്റെ വക 3 ഏക്കർ 6 സെന്റുള്ള (സർവ്വേ 89/7 ഏ.ബി. എലുക) വസ്തുവിൽ ഒന്നേകാൽ ഏക്കർസ്ഥലം സർവ്വ അവകാശങ്ങളും ബാധ്യതയും വിട്ടു ഇഷ്ടദാനമായി

ഒഴിഞ്ഞുകൊടുത്തു. ഇത് നീലകണ്ഠപിള്ളയ്ക്കും കൊച്ചുകൃഷ്ണപിള്ളയ്ക്കും കൂടുതൽ കരുത്തും പ്രോത്സാഹനവുമായി.

കാലം കടന്നുപോയി സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാൻ പിന്നെയും വൈകി. ഇതിനിടെ 1931-ൽ സ്കൂളിന്റെ പ്രവർത്തനം കാണാനും നിർവൃതിയടക്കാനും ഭാഗ്യം സിദ്ധിക്കാതെ ശ്രീ. കെ.പി. നീലകണ്ഠ പിള്ള എന്ന മഹാൻ ദിവംഗതനായി. ജ്യേഷ്ഠന്റെ മരണത്തെതുടർന്ന് അദ്ദേഹത്തിന്റെ ആഗ്രഹപൂർത്തീകരണത്തിനുവേണ്ടി 1936-ൽ കൊച്ചുകൃഷ്ണപിള്ളയും അനന്തിരവനായ അഡ്വ:.കെ.പി.ബാലകൃഷ്ണപിള്ളയും ബദ്ധശ്രദ്ധരായി രംഗത്ത് എത്തി. തുടർന്നുള്ള പ്രവർത്തനങ്ങളിൽ ശ്രീ. കെ.പി. ബാലകൃഷ്ണപിള്ള സജീവമായി പങ്കെടുക്കുകയുണ്ടായി.

മണക്കാട്ടംപള്ളി കുടുംബക്കാർ ഇഷ്ടദാനമായി നല്കിയ സ്ഥലത്ത് ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ നടത്തുന്നതിനുള്ള അനുവാദത്തിന് തിരുവല്ലാഡിവിഷണൽ സ്കൂൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ആർ. ശിവരാമകൃഷ്ണ അയ്യർക്ക് അപേക്ഷ അയച്ചു. താമസിയാതെ അഡ്വ: ബാലകൃഷ്ണപിള്ളയുമായി ഡിവിഷണൽ സ്കൂൾ ഇൻസ്പെക്ടറെ കൂട്ടികൊണ്ടുവന്നു സ്ഥലം കാണിക്കുകയും ടി. സ്ഥലത്തു കെട്ടിടമുണ്ടാക്കി, പ്രിപ്പറേറ്ററിക്ലാസ്സ് തുടങ്ങാൻ ഡയറക്ടറുടെ അനുമതിവാങ്ങുകയും ചെയ്തു. ഒരു ആഫീസ് മുറിയും ഒരു ക്ലാസ് മുറിയും ആയി ടെമ്പററികെട്ടിടമാണ് ആദ്യം പണിതത്. 1937 മെയ് 17-ന് സ്കൂൾ വർഷാരംഭത്തിൽ ഇംഗ്ലീഷ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു.

1937 മെയ് 3-ന് ആണ് സ്കൂളിന് അംഗീകാരം ലഭിച്ചത്. ഇതിനിടെ സ്കൂളിന്റെയും മാനേജ്മെന്റിന്റെയും എല്ലാ അവകാശാധികാരങ്ങളും കൊച്ചുകൃഷ്ണപിള്ള, അഡ്വ: ബാലകൃഷ്ണപിള്ളക്കു കൈമാറ്റം ചെയ്തിരുന്നു. സ്കൂളിന്റെ പ്രവർത്തനത്തിന് ആവശ്യമുള്ള ഉപകരണങ്ങൾ, റിക്കാർഡുകൾ, രജിസ്റ്ററുകൾ, ലൈബ്രറിബുക്കുകൾ എന്നിവ സ്വന്തമായി വാങ്ങിക്കുകയും ആദ്യത്തെ ഹെഡ്മാസ്റ്ററായി ശ്രീ. പി.എൻ. കേശവപിള്ള ബി.എ.യെ നിയമിക്കുകയും ചെയ്തു. അഡ്വ: ബാലകൃഷ്ണപിള്ള സ്കൂളിന്റെ ഭരണസംബ

സ്ഥമായ കാര്യങ്ങളിൽ ഹെഡ്മാസ്റ്ററെ കൂടി പങ്കെടുപ്പിക്കുകയും അദ്ദേഹത്തിന്റെ വിലപ്പെട്ട നിർദ്ദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിരുന്നു. ശ്രീ. ശിവസ്വാമിപിള്ള എന്ന ഒരു ട്രെയിൻഡ് ടീച്ചറെ അസിസ്റ്റന്റായി നിയമിച്ച് സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കി.

വിജയസോപാനത്തിലേക്ക്.....

ആദ്യമൊക്കെ ഇംഗ്ലീഷ് പഠിക്കുന്നതിന് കുട്ടികളെ കിട്ടുവാൻ വളരെ പ്രയാസമായിരുന്നു. ഇത് തരണം ചെയ്യുന്നതിന് കുട്ടികൾക്കുള്ള ഫീസും, പുസ്തകവും, സ്ലേറ്റും സൗജന്യമായി കൊടുക്കുക, രക്ഷകർത്താക്കളെ ബോധവാന്മാരാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നിവ വേണ്ടി വന്നു. വർഷം തോറും ഓരോ ക്ലാസ്സുകൾ വീതം വർദ്ധിപ്പിച്ച് 1938-ൽ ഫസ്റ്റ് ഫോറം, 1939-ൽ സെക്കന്റ് ഫോറം, 1940-ൽ തേർഡ് ഫോറം, എന്നിങ്ങനെ ക്ലാസ്സുകൾ നിലവിൽ വന്നു. ആദ്യം ടെമ്പററി റെക്കഗ്നിഷൻ ആണ് ഉണ്ടായിരുന്നത്. എന്നാൽ 1943-മുതൽ പെർമനന്റ് റെക്കഗ്നിഷൻ ലഭിക്കുകയുണ്ടായി. ഇതിനിടയ്ക്കു നടന്ന മിഡിൽ സ്കൂൾ പബ്ലിക്ക് പരീക്ഷയിൽ കെ.പി.എം. ഇംഗ്ലീഷ് സ്കൂൾ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്ത് എത്തി. വിജയ സോപാനത്തിലേക്കുള്ള ഈ കുതിച്ച് കയറ്റം സ്കൂളിന്റെ പ്രശസ്തിയും കുട്ടികളുടെ എണ്ണവും വർദ്ധിപ്പിക്കാൻ സഹായിച്ചു.

## കെ. പി. എം. ഇംഗ്ലീഷ് സ്കൂൾ, കെ. പി. എം. യു. പി. സ്കൂൾ ആകുന്നു.

1958-ലെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾ മൂലം സ്കൂളിന്റെ പേര് കെ.പി.എം.യു.പി.സ്കൂൾ എന്നാക്കി മാറ്റിയിരുന്നു. അതുപോലെ അഡ്വ: കെ.പി.ബാലകൃഷ്ണപിള്ളയുടെ ഉടമസ്ഥതയിലും മാനേജുമെന്റിലും ഇൻഡിവിഡ്വൽ എഡ്യൂക്കേഷണൽ ഏജൻസിയായും സ്കൂൾ രൂപാന്തരപ്പെട്ടു. വിദ്യാഭ്യാസ പരിഷ്ക്കരണ നിമയം മൂലം നിർത്തലാക്കിയ പ്രിപ്പറേറ്ററി ക്ലാസ്സുകൾ ഒഴിച്ചുള്ള മൂന്നു ക്ലാസ്സുകൾക്ക് അഞ്ചാം സ്റ്റാൻഡേർഡ് ആറാം സ്റ്റാൻഡേർഡ്, ഏഴാം സ്റ്റാൻഡേർഡ് എന്നീ പേരുകൾ നിലവിൽ വരുകയും ചെയ്തു. അതു

പോലെ ഡിപ്പാർമെന്റൽ ഭരണാധികാരിയുടെ I.P.M.S. (Inspector of Primary Middle Schools) എന്ന പേര് A.E.O. (Assistant Educational Officer) ആയും അതിനുമുകളിലുള്ള ഉദ്യോഗസ്ഥന്മാർക്ക് D.E.O., Dy. Director, D.P.I., എന്നും വ്യത്യാസപ്പെട്ടു. പഴയ കോഡിനു പകരം കേരള വിദ്യാഭ്യാസ ആക്ട്, കേരള വിദ്യാഭ്യാസ റൂൾസ് എന്നിവയും നിലവിൽവന്നു.

ഈ സ്കൂളിന്റെ ആരംഭം മുതൽ അതിസമർത്ഥരും വിദ്യാഭ്യാസ വിദഗ്ദ്ധരുമായ ഓഫീസർമാരെയാണ് ഭാഗ്യവശാൽ സ്കൂളിന്റെ ഭരണനിയന്ത്രണങ്ങൾക്ക് കിട്ടിയത്. അവരെല്ലാവരും തന്നെ സ്ക്കൂളിനെ ശ്രദ്ധയോടെ നിയന്ത്രിക്കുകയും വേണ്ട പ്രോത്സാഹനങ്ങൾ നല്കുകയും ചെയ്തുപോന്നു. അതുമൂലം സ്കൂളിന്റെ വളർച്ച ത്വരിതഗതിയിലായി.

കാലക്രമത്തിൽ പഴയ കെട്ടിടങ്ങൾ പൊളിച്ച് അറ്റകുറ്റപ്പണികൾ തീർക്കുകയും 120 അടി നീളത്തിൽ ഒരു പെർമിനന്റ് കെട്ടിടവും 40 അടി നീളത്തിൽ ഓഫീസ് കെട്ടിടവും മൂന്നു ക്ലാസ്സുമുറികൾ പ്രവർത്തിക്കുന്ന 60 അടി നീളത്തിൽ ഒരു കെട്ടിടവും അഞ്ച് ക്ലാസ്സുമുറികൾ പ്രവർത്തിക്കുന്ന ഒരു സെമി പെർമിനന്റ് കെട്ടിടവും ഈ സ്കൂളിനുവേണ്ടി നിർമ്മിച്ചിട്ടുണ്ട്. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്ന കാര്യത്തിൽ അദ്ധ്യാപകരും രക്ഷകർത്താക്കളും എക്കാലത്തും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ നൽകിയിട്ടുണ്ട് എന്ന വസ്തുത നന്ദിയോടെ സ്മരിക്കുന്നു. സമീപത്തുള്ള മറ്റു വിദ്യാലയങ്ങൾ ഈ സ്കൂളുമായി വളരെയേറെ സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. മെച്ചപ്പെട്ട അദ്ധ്യാപന രീതി അവലംബിച്ച് കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതുകൊണ്ട് സമീപ പ്രദേശങ്ങളിലെ മറ്റു സ്ക്കൂളുകളെ അപേക്ഷിച്ച് കെ.പി.എം.യു.പി.സ്കൂളിന് പ്രഥമ ഗണനീയമായ സ്ഥാനമാണുള്ളത്. മുഹമ്മ ഗ്രാമപഞ്ചായത്തിലെ ഏക യു.പി. സ്കൂളും ഇത് തന്നെ. കർശനമായ അച്ചടക്കം, ശിക്ഷണബോധം, മന്ത്‌ലിടെസ്റ്റ് പേപ്പറുകൾ, പ്രോഗ്രസ് റിപ്പോർട്ട്, യൂണിഫോം, സ്കൗട്ട്, ഗൈഡ് ശക്തമായ പി.ടി.എ. കമ്മറ്റി, അർപ്പണബോധമുള്ള അദ്ധ്യാപകരുടെ കഠിന പരിശ്രമം എന്നിവ സ്കൂളിന്റെ നിലവാരം മെച്ചമാക്കാൻ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ 15

അദ്ധ്യാപകരും ഒരു പ്യൂണും 356 വിദ്യാർത്ഥികളും ഈ സ്കൂളിലുണ്ട്. കായിക കലാരംഗങ്ങളിൽ വ്യക്തി മുദ്രപതിപ്പിക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട് എന്ന് അഭിമാനത്തോടെ പറയാൻ കഴിയും.

## അഭിമാനപൂർവ്വം, അഹ്ലാദത്തോടെ............

പിന്തിരിഞ്ഞു നോക്കുമ്പോൾ അഭിമാനവും അഹ്ളാദവും! എൺപത് വർഷം! ചരിത്രത്തിന്റെ രഥത്തിൽ, തേരുരുൾപ്പാടുകൾ പാടിക്കടന്നു പോകുന്നതു മഹത്തായ നേട്ടങ്ങളുമായിട്ടാണ്. ഇക്കാലമത്രയും സ്കൂളിന്റെ മഹത്വത്തിനുവേണ്ടി പരിശ്രമിച്ചവരെയും പ്രശസ്തിയുടെ ഉയരങ്ങളിലേയ്ക്ക് കുതിച്ചവരെയും, അഭിമാനത്തോടെ ഓർമ്മിക്കട്ടെ. പ്രശസ്തരായ പല പൂർവ്വ വിദ്യാർത്ഥികളും എൺപത് വർഷത്തെ കാലയളവിനുള്ളിൽ പലപ്പോഴായി പഠിച്ചു പോയിട്ടുണ്ട്. ഔന്നത്യത്തിലെത്തി നില്ക്കുന്ന അവരെ അനുമോദിക്കുന്നു; ആശിർവദിക്കുന്നു. ഭാരതീയ വിചാരകേന്ദ്രം ഡയറക്ടറും എഴുത്തുകാരനും ചിന്തകനുമായ ശ്രീ. പി. പരമേശ്വരൻ, നാടകാചാര്യനും സംവിധായകനുമായ ശ്രീ. എസ്.എൽ.പുരം സദാനന്ദൻ, കേരള വ്യവസായ വകുപ്പുമന്ത്രി ശ്രീമതി. സുശീലാ ഗോപാലൻ, ചാർട്ടേഡ് അക്കൗണ്ടന്റ് എൽ.ആർ. കമ്മത്ത് പ്രൊഫ: ബാലകൃഷ്ണ പണിക്കർ, പ്രമുഖ സ്കിൻസ്പെഷ്യലിസ്റ്റ് ശ്രീ. കെ.എസ്.സഹോദരൻ, കലാപ്രതിഭയായ അനിൽ.റ്റി.രാജ് കായിക പ്രതിഭകളായ ഷിൽഡ, ഷിൽബി സഹോദരിമാർ തുടങ്ങിയവർ ഈ സ്ക്കൂളിലെ പൂർവ്വവിദ്യാർത്ഥികളാണ് എന്നത് അഭിമാനാർഹമായ കാര്യമാണ്. അതുപോലെതന്നെ ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ച പൂർവ്വ വിദ്യാർത്ഥികൾ ഇനിയുമുണ്ട്. ശാസ്ത്രജ്ഞനായ ശ്രീ. രാമദാസ്പിള്ള, സാങ്കേതിക വിദ്യാഭ്യാസരംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച ശ്രീ. കെ.ആർ. രാജഗോപാൽ, കാർഷിക ശാസ്ത്ര രംഗത്ത് നേട്ടങ്ങൾ കൊയ്തെടുത്ത ശ്രീ. പി.ജെ. സേവിച്ചൻ എന്നിവരും കെ.പി. എം.യു.പി.സ്കൂളിന്റെ സന്തതികളാണ്.

## വിദ്യാലയം - മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

1. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെയും ആത്മവിശ്വാസത്തോടെയും പങ്കെടുക്കുന്ന സാഹചര്യം സൃഷ്ടിക്കുക.
2. ശുചിത്വം, സഹജീവിസ്നേഹം, സാമൂഹ്യാവബോധം, പാരിസ്ഥികാവ ബോധം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ ഗുണങ്ങൾ കുട്ടികളിൽ ഉണ്ടാക്കുക.
3. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കുക.
4. കുട്ടികളിൽ അവരുടെ പ്രായത്തിന് അനുസരിച്ചുള്ള ശേഷികളും ധാരണ കളും വളർത്തുക.
5. വയോജനങ്ങളെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്ന ബോധം സൃഷ്ടിക്കുക.
6. മികച്ച രീതിയിൽ ആശയവിനിമയം നടത്താൻ കുട്ടികളെ സജ്ജരാക്കുക, ഓരോ കുട്ടികളുടെയും അഭിരുചികളും കഴിവുകളും വളർത്തികൊടുക്കാനുതകും വിധമുള്ള പരിശീലനം നൽകുക.
7. മതനിരപേക്ഷതയും ജനാധിപത്യമൂല്യങ്ങളും വളർത്തിയെടുക്കാനുതകുന്ന പ്രവർത്തനങ്ങളൊരുക്കുക.

## പദ്ധതിരൂപീകരണ പ്രക്രിയ - വിവിധഘട്ടങ്ങൾ

ആദ്യമായി എസ്.ആർ.ജി യോഗം ചേർന്നു. കെ.പി. മെമ്മോറിയൽ യു.പി.സ്കൂൾ വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കൽ, ചർച്ചകൾ എന്നിവ നടന്നു. വികസനാവശ്യങ്ങൾ ക്ലാസ്/വിഷയം എന്നിവയെ അടിസ്ഥാനപ്പെടുത്തി ഭൗതികം, അക്കാഡമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കി. ഈ കരട് രൂപരേഖ പി.റ്റി.എ. എക്സിക്യൂട്ടീവ് കമ്മറ്റിയിൽ അവതരിപ്പിച്ചു. നിരവധി കൂട്ടിച്ചേർക്കലുകൾ നടന്നു. തുടർന്നു പി.റ്റി.എ., എസ്.എസ്.ജി., രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജന പ്രതിനിധികൾ, മാനേജ്മെന്റ് പ്രതിനിധികൾ തുടങ്ങിയ വരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ചു. ശില്പശാലയിൽ ഉയർന്നു വന്ന അനേകം നിർദ്ദേശങ്ങൾ, കുട്ടിച്ചേർക്കലുകൾ എന്നിവയ്ക്കുശേഷം പി.റ്റി.എ യുടെ നേതൃത്വത്തിൽ പദ്ധതിരേഖ തയ്യാറാക്കി.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ► ഭാഷാശേഷി വികസനം<br>► ഗണിതശേഷി വികസനം<br>► വായനാ പരിപോഷണം<br>► ശാസ്ത്രപോഷണ പരിപാടികൾ<br>► ലൈബ്രറി ശാക്തീകരണം<br>► ലബോറട്ടറി ആധുനികവത്ക്കരിക്കൽ<br>► നാടകക്കളരി<br>► സാഹിത്യപോഷണ പരിപാടികൾ<br>► കലാകായികമേള<br>► ഗണിത ലാബ്/ഗണിതാന്തരീക്ഷമൊരുക്കൽ<br>► ദിനാചരണങ്ങൾ<br>► മെഡിക്കൽ ക്യാമ്പ്<br>► പ്രവൃത്തി പരിചയ പഠനം<br>► കായിക പഠനം<br>► പോഷകാഹാര പരിപാടി<br>► യു.എസ്.എസ് കഠിന പരിശീലനം<br>► സെമിനാറുകൾ<br>► ജൈവ വൈവിധ്യ പാർക്ക്<br>► പഠന യാത്രകൾ<br>► ഗവേഷണാത്മക പ്രവർത്തനങ്ങൾ | ► ആഡിറ്റോറിയം<br>► മികച്ച ഊണുമുറി<br>► സ്മാർട്ട് ക്ലാസ് റൂം<br>► മികച്ച കുടിവെള്ള വിതരണ സൗകര്യം<br>► മാലിന്യ സംസ്ക്കരണ പ്ലാന്റ്<br>► ലൈബ്രറി<br>► ലബോറട്ടറി<br>► കളിസ്ഥലം<br>► ഔഷധ സസ്യത്തോട്ടം<br>► കൃഷിത്തോട്ടം | ► പിറ്റിഎ ശക്തിപ്പെടുത്തൽ<br>► എസ്.എസ്.ജി., എസ്.പി. സി. കാര്യക്ഷമമാക്കൽ<br>► പൂർവ്വ വിദ്യാർത്ഥി സംഘടന<br>► പ്രവർത്തനം ശക്തിപ്പെടുത്തൽ<br>► വിദ്യാലയമികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>► ലൈബ്രറി പൊതു സമൂഹത്തിന് പ്രയോജനപ്പെടുത്തൽ<br>► ഭവന സന്ദർശനം<br>► പൂർവ്വാദ്ധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

# മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയ കൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതി നുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാ ടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗി ക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷത കൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തന ങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാ ക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗ ങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി ടി എ |
| 5) ഗണിത മേഖലയിൽ കുട്ടി കളുടെ താൽപ്പര്യം വർദ്ധിപ്പി ക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയ ങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാ ക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യത കൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോ ഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പ ത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:** പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്.എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.** വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്............<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

# മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ . | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാലയത്തിലേക്കുള്ള കുട്ടികളുടെ വരവ് എണ്ണം വർദ്ധിക്കുക.
- സ്കൂൾ സമൂഹത്തിനുവേണ്ടി എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുക.
- വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പല പ്രവർത്തങ്ങൾക്കും തടയിടാൻ കഴിയുക
- മികച്ച പഠനാന്തരീക്ഷം കുട്ടികൾക്കായി ഒരുക്കുക.
- ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുക.
- നല്ല സാമൂഹിക ബന്ധങ്ങൾ ഉണ്ടാവുക.
- ഗ്രാമത്തിന്റെ പൈതൃകവും സാംസ്ക്കാരികത്തനിമയും കാത്തുസൂക്ഷിക്കുവാൻ പുതുതലമുറ പ്രാപ്തരാവുക.
- ഏതു തൊഴിലും മഹത്തരമാണെന്നുള്ള ബോധം കുട്ടികളിലുണ്ടാവുക.
- വരും തലമുറയെ പരിസ്ഥിസംരക്ഷകരും മനുഷ്യത്വമുള്ളവരുമാക്കി മാറ്റുക.
- പൗരന് അവകാശങ്ങളുള്ളതുപോലെ കടമകളുമുണ്ട് എന്ന ബോധം വരും തലമുറയ്ക്കുണ്ടാക്കുക.

# വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന കമ്മറ്റികൾ

ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മറ്റികളിൽ പ്രഥമ സ്ഥാനം പി.റ്റി.എ- യ്ക്കാണ്. ശക്തമായ പി.റ്റി.എ സ്കൂളിന്റെ സർവതോൻമുഖമായ വികസനത്തിന് അക്ഷീണം പ്രവർത്തിക്കുന്നു. എം.പി.റ്റി.എ (മദർ പി.റ്റി.എ) പി.റ്റി.എ-യോട് ചേർന്നുതന്നെ പ്രവർത്തിക്കുന്നു.

എസ്.എസ്.ജി (സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്), എസ്.പി.ജി (സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്) എന്നിവയും പ്രവർത്തിച്ചു വരുന്നു. ഈ കമ്മറ്റികളിൽ പഞ്ചായത്ത് പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, സമൂഹത്തിലെ വിശിഷ്ട വ്യക്തികൾ, സ്കൂളിന്റെ അഭ്യുദയകാംക്ഷികൾ, കുടുംബശ്രീ പ്രതിനിധികൾ, പോലീസ്, ആരോഗ്യം എന്നീ വകുപ്പുകളുടെ പ്രതിനിധികൾ തുടങ്ങിയവർ പ്രവർത്തിക്കുന്നു.

====================================